2026
MAY
08
FRIDAY


www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# സഹകരണം ശക്തിപ്പെടുത്തും : ഇന്ത്യയും വിയറ്റ്നാമും തമ്മിൽ ധാരണയിൽ



**ന്യൂഡൽഹി:** ഉഭയകക്ഷി വ്യാപാരം, നിക്ഷേപം, സാങ്കേതിക പങ്കാളിത്തം എന്നിവ വർധിപ്പിക്കുന്നതിനായി അതിവേഗം വളരുന്ന രണ്ടു സമ്പദ്വ്യവസ്ഥകൾ എന്ന നിലയിൽ ഗവൺമെന്റ് -വ്യാവസായിക തലങ്ങളിലുള്ള സഹകരണം ശക്തിപ്പെടുത്താൻ ഇന്ത്യയും വിയറ്റ്നാമും തമ്മിൽ ധാരണയായി. പ്രധാനമന്ത്രി നരേന്ദ്ര മോദിയും വിയറ്റ്നാം പ്രസിഡന്റ് തോ ലാമും തമ്മിൽ നടന്ന ഉഭയകക്ഷിചർച്ചയിലാണ് ധാരണയായത്.

കഴിഞ്ഞ 10 വർഷത്തിനിടയിൽ ഉഭയകക്ഷി വ്യാപാരത്തിലുണ്ടായ വർധന ശ്രദ്ധയിൽപ്പെടുത്തിയ നേതാക്കൾ, സന്തുലിതവും പരസ്പര പ്രയോജനകരവുമായ രീതിയിൽ ഇതു കൂടുതൽ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നൽകുകയും 2030-ഓടെ 25 ശതകോടി ഡോളറിന്റെ പുതിയ വ്യാപാര ലക്ഷ്യം കൈവരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

അതതു രാജ്യങ്ങളിലെ കാർഷിക ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ളവയുടെ വിപണിപ്രവേശനത്തിനു സൗകര്യമൊരുക്കാൻ ഇരുപക്ഷവും തീരുമാനിച്ചു. ഇന്ത്യൻ മുന്തിരികൾക്കും വിയറ്റ്നാമീസ് ഡുറിയാനുകൾക്കും വിപണിപ്രവേശനം അനുവദിക്കാനുള്ള തീരുമാനത്തെ അവർ സ്വാഗതം ചെയ്തു. ഇന്ത്യൻ മാതളനാരങ്ങകൾക്കും വിയറ്റ്നാമീസ് പോമെലോകൾക്കും വിപണിപ്രവേശനം നൽകുന്നതിനായി, ഉഭയകക്ഷി ചർച്ചകളിലൂടെ സാങ്കേതിക പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കാനും ധാരണയായി.

പരസ്പര താൽപ്പര്യമുള്ള മേഖലകളിൽ വിതരണശൃംഖലകൾ ശക്തിപ്പെടുത്താൻ ഇരുപക്ഷവും ധാരണയായി. ആഭ്യന്തര ഉൽപ്പാദനത്തിനും കയറ്റുമതി ആവശ്യങ്ങൾക്കുമായി വിതരണ സ്രോതസ്സുകൾ വൈവിധ്യവൽക്കരിക്കുമെന്നും ഇന്ത്യയിൽനിന്നു കൂടുതൽ ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുമെന്നും വിയറ്റ്നാം ഉറപ്പുനൽകി. മാനദണ്ഡങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട സർട്ടിഫിക്കേഷൻ ഉൾപ്പെടെ, ഇരുരാജ്യങ്ങളിലെയും കമ്പനികൾക്കു വ്യവസായ നടത്തിപ്പു സുഗമമാക്കുന്നതിനു കൂടുതൽ അനുകൂലമായ നിയന്ത്രണ സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള വഴികൾ തേടാൻ ഇരുപക്ഷവും തീരുമാനിച്ചു. ഉഭയകക്ഷി സ്ഥാപന സംവിധാനങ്ങൾക്കു കീഴിൽ പരസ്പര ആശങ്കകൾ പരിഹരിക്കുന്നതിനു ക്രിയാത്മകമായ ചർച്ചകൾ നിലനിർത്തേണ്ടതിന്റെ പ്രാധാന്യത്തിനും അവർ ഊന്നൽ നൽകി. ആസിയാൻ-ഇന്ത്യ ചരക്കു വ്യാപാര കരാറിന്റെ (AITIGA) നിലവിൽ നടന്നുവരുന്ന അവലോകനം എത്രയും വേഗം പൂർത്തിയാക്കാൻ നേതാക്കൾ തീരുമാനിച്ചു. ഇതിന്റെ ഫലമായുണ്ടാകുന്ന കരാർ പരസ്പര പ്രയോജനകരവും, വ്യാപാരം സുഗമമാക്കുന്നതും, നിലവിലെ ആഗോള വ്യാപാര രീതികൾക്ക് അനുയോജ്യവുമാകണമെന്ന് അവർ അഭിപ്രായപ്പെട്ടു.

ഇന്ത്യ-വിയറ്റ്നാം സാമ്പത്തിക ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഉന്നത സാങ്കേതികവിദ്യ, ഗതാഗതം, ഉൽപ്പാദനം, ലോജിസ്റ്റിക്സ്, പുനരുൽപ്പാദക ഊർജം, അത്യാധുനിക കൃഷി, വൈദ്യുതവാഹനങ്ങൾ, വിവരസാങ്കേതികവിദ്യ, ആരോഗ്യം, കൃഷി, കാർഷിക സംസ്കരണം, ജലജീവിക്കൃഷി, വിനോദസഞ്ചാരം, അതിഥിസൽക്കാരം തുടങ്ങിയ മേഖലകളിൽ ഉഭയകക്ഷി നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാൻ നേതാക്കൾ തീരുമാനിച്ചു.

ഇരുരാജ്യങ്ങളിലെയും സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥകൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും നൂതനാവിഷ്കാരങ്ങൾക്കായുള്ള കേന്ദ്രങ്ങൾ തമ്മിലുള്ള ഗണ്യമായ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനും അവർ ധാരണയായി. എണ്ണ-വാതക പര്യവേക്ഷണ മേഖലയിൽ ഇന്ത്യയും വിയറ്റ്നാമും തമ്മിൽ പതിറ്റാണ്ടുകളായുള്ള സ്ഥാപനപരമായ ബന്ധത്തെ പ്രശംസിച്ച നേതാക്കൾ, ഈ മേഖലയിലെ പരസ്പര പ്രയോജനകരമായ സഹകരണം തിരിച്ചറിഞ്ഞു. വിയറ്റ്നാം നിയമങ്ങൾക്കും അന്താരാഷ്ട്ര നിയമങ്ങൾക്കും, പ്രത്യേകിച്ച് 1982-ലെ UNCLOS എന്നിവയ്ക്കും വിധേയമായി, ഇന്ത്യൻ കമ്പനികൾക്കു താൽപ്പര്യമുള്ള പുതിയ കിണറുകളുടെ വികസനം ഉൾപ്പെടെയുള്ള പര്യവേക്ഷണ-ഉൽപ്പാദന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ അവർ തീരുമാനിച്ചു.

ഇ-കൊമേഴ്സിന്റെയും ഡിജിറ്റൽ സമ്പദ്വ്യവസ്ഥയുടെയും വർധിച്ചുവരുന്ന പ്രാധാന്യം തിരിച്ചറിഞ്ഞ നേതാക്കൾ, ഈ മേഖലകളിലെ സഹകരണം ശക്തിപ്പെടുത്താൻ തീരുമാനിച്ചു. ഇവയുടെ വളർച്ച പിന്തുണയ്ക്കുന്നതിനും വ്യവസായങ്ങളെ സഹായിക്കുന്നതിനുമായി, അനുയോജ്യമായ ചട്ടങ്ങളും നയങ്ങളും വികസിപ്പിക്കുന്നതിലെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിലൂടെ ഇതു നടപ്പാക്കും. പ്രത്യേകിച്ച്, പ്രാദേശികവും ആഗോളവുമായ മൂല്യശൃംഖലകളിൽ ആഴത്തിലും സുസ്ഥിരമായും സംയോജിക്കുന്നതിനു സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ ഇ-കൊമേഴ്സിൽ പങ്കാളികളാക്കാൻ പിന്തുണ നൽകാനും ധാരണയായി.

## കാൻസേർവ് വിപണനമേള

**എറണാകുളം :** കാൻസർ രോഗികൾക്ക് സ്വാന്തനവും സഹായവും നൽകുന്ന സംഘടനയായ ക്യാൻസർവ് സൊസൈറ്റിയുടെ വിപണന മേള മെയ് 9,10 തീയതികളിൽ ഇടപ്പള്ളി ഗവ.യു.പി സ്കൂളിൽ വച്ചു നടത്തുന്നു. വനിതകൾക്ക് സ്വയംതൊഴിലും സാമ്പത്തിക സ്വയംപര്യാപ്തതയും ഉറപ്പാക്കുന്നതിനുള്ള ഒരു വേദിയായാണ് ഈ മേള ഒരുക്കിയിരിക്കുന്നത്. ബട്ടർഫ്ളൈ കാൻസർ കെയർ ഫൗണ്ടേഷന്റെ 'യുവതി' പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ക്യാൻസർ ബാധിതരെയും അതിനെ അതിജീവിച്ചവരെയും ഉൾപ്പെടുത്തി വിപണനമേളയിൽ ഒരു സ്റ്റാളും ബട്ടർഫ്ളൈ ക്യാൻസർവിന്റെ സഹകരണത്തോടെ ഒരുക്കിയിരിക്കുന്നു. ജ്വല്ലറി ഉൽപ്പന്നങ്ങൾ, അലങ്കാര വസ്തുക്കൾ, സ്ത്രീകളുടെയും കുട്ടികളുടെയും വസ്ത്രങ്ങൾ, കാർഷിക ഉൽപ്പന്നങ്ങൾ, പുസ്തകങ്ങൾ, ബെഡ്ഷീറ്റുകൾ, ഭക്ഷ്യവസ്തുക്കൾ തുടങ്ങി നിരവധി ഉൽപ്പന്നങ്ങൾ സ്റ്റാളുകളിൽ ലഭ്യമാണ്. സ്ത്രീകൾ സ്വന്തമായി നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്താനും വിപണനം നടത്താനും ഈ മേള സഹായകരമാകും. 9, 10 തീയതികളിൽ നടക്കുന്ന പരിപാടിയിലേക്ക് പൊതുജനങ്ങളുടെ സാന്നിധ്യവും പിന്തുണയും അഭ്യർത്ഥിച്ചതായി സംഘാടകർ അറിയിച്ചു.




## തുടർച്ചയായ നാലാം സാമ്പത്തിക വർഷവും ഒരു കോടിയിലധികം യാത്രക്കാരുമായി സിയാൽ

**കൊച്ചി:** വ്യോമയാന മേഖലയിൽ ആഗോളതലത്തിൽ അനുഭവപ്പെടുന്ന പ്രതിസന്ധികൾക്കിടയിലും, കൊച്ചി അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (സിയാൽ), തുടർച്ചയായ നാലാം സാമ്പത്തിക വർഷത്തിലും ഒരു കോടിയിലധികം യാത്രക്കാർ എന്ന ശ്രദ്ധേയ നേട്ടം കൈവരിച്ചു. 2025-26 സാമ്പത്തിക വർഷത്തിൽ ആകെ 1,14,42,583 യാത്രക്കാരാണ് സിയാൽ വഴി സഞ്ചരിച്ചത്. ഇതോടൊപ്പം 73,134 വിമാന സർവീസുകളും വിമാനത്താവളം കൈകാര്യം ചെയ്തു.

2025 മേയ് മാസത്തിലാണ് ഏറ്റവും കൂടുതൽ യാത്രക്കാരുടെ എണ്ണം രേഖപ്പെടുത്തിയത്. ഈ മാസത്തിൽ മാത്രം 11,07,184 യാത്രക്കാരാണ് സിയാലിലൂടെ യാത്ര ചെയ്തത്. 2025-26 കാലയളവിൽ സിയാൽ കൈകാര്യം ചെയ്ത ആകെ യാത്രക്കാരിൽ 54,01,939 പേർ അന്തർദേശീയ യാത്രക്കാരും 60,40,644 പേർ ആഭ്യന്തര യാത്രക്കാരുമായിരുന്നു. അതേസമയം, 31,505 അന്താരാഷ്ട്ര വിമാന സർവീസുകളും 41,629 ആഭ്യന്തര വിമാന സർവീസുകളും സിയാൽ കൈകാര്യം ചെയ്തു.

2025-ന്റെ അവസാന മാസങ്ങളിൽ, വിമാനക്കമ്പനികളുമായി ബന്ധപ്പെട്ട പ്രവർത്തനപരമായ നിയന്ത്രണങ്ങളും ഫെബ്രുവരിമാർച്ച് മാസങ്ങളിൽ ഗൾഫ് മേഖലയുമായി ബന്ധപ്പെട്ട ഭൗമരാഷ്ട്രീയ സാഹചര്യങ്ങൾ മൂലവുമുണ്ടായ അന്താരാഷ്ട്ര വ്യോമഗതാഗത തടസങ്ങളെല്ലാം നിലനിന്നിരുന്നുവെങ്കിലും, 2025-26 കാലയളവിൽ സിയാൽ 2.2 ശതമാനം യാത്രക്കാരുടെ വളർച്ച രേഖപ്പെടുത്തി. മറ്റെല്ലാ അവസരങ്ങളിലും വർഷം മുഴുവൻ സ്ഥിരതയാർന്ന യാത്രാ തിരക്ക് നിലനിർത്താനും വിവിധ സീസണുകളിലുണ്ടായ ഉയർന്ന യാത്രക്കാരുടെ ഒഴുക്ക് കാര്യക്ഷമമായി കൈകാര്യം ചെയ്യാനും സിയാലിന് കഴിഞ്ഞു.

സിയാൽ 2.0 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ അടിസ്ഥാനസൗകര്യ വികസനവും യാത്രാസൗകര്യ വർധനവും പ്രവർത്തന കാര്യക്ഷമതയുമാണ് ഈ വളർച്ചയ്ക്ക് പിന്നിലെ പ്രധാന ഘടകങ്ങളെന്ന് സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഐ.എ.എസ് വ്യക്തമാക്കി. സാങ്കേതികവിദ്യയുടെ പിന്തുണയോടെയുള്ള സേവനങ്ങളും വേഗമേറിയ പ്രോസസ്സിംഗ് സംവിധാനങ്ങളും യാത്രാനുഭവം കൂടുതൽ സൗകര്യപ്രദമാക്കിയതായി അദ്ദേഹം പറഞ്ഞു. അതേസമയം, പരീക്ഷണാടിസ്ഥാനത്തിൽ ഫുൾ ബോഡി സ്കാനറുകൾ നടപ്പിലാക്കിയതോടെ സുരക്ഷാ പരിശോധനകൾ കൂടുതൽ ആധുനികമാകുകയും യാത്രക്കാരുടെ സൗകര്യം മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. വർധിച്ചുവരുന്ന യാത്രക്കാരുടെ എണ്ണം കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനൊപ്പം സേവന നിലവാരവും ഉയർത്താൻ വിവിധങ്ങളായ പദ്ധതികളിലൂടെ സിയാലിന് കഴിയുന്നു.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **എറണാകുളം ചാവറ കൾച്ചറൽ സെന്റർ :** ഡി.സി ബുക്സും ചാവറ കൾച്ചറൽ സെന്ററും സംയുക്തമായി സംഘടിപ്പിക്കുന്ന സ്പേസസ് സാംസ്കാരിക പ്രഭാഷണ പരമ്പരയുടെ ഭാഗമായി കർണാടക സംഗീതജ്ഞൻ ടി.എം. കൃഷ്ണ കൊച്ചിയിലെത്തുന്നു. ഡീ കോഡിംഗ് നേഷൻസ് സിംബൽസ് എന്ന വിഷയത്തിലുള്ള ചർച്ചയിൽ മിറിയം ജോസഫും സംഭാഷണത്തിൽ പങ്കുചേരും. വൈകിട്ട് 6ന്.

## വൈപ്പിൻ

■ **നായരമ്പലം മാനാട്ടുപറമ്പ് തിരുഹൃദ ദേവാലയം :** തിരുനാൾ - രാവിലെ 7ന്.

## കോതമംഗലം

■ **കോതമംഗലം മാർ ബസേലിയോസ് ഡെന്റൽ കോളേജ് :** കേരളത്തിലെ മോണരോഗ ചികിത്സാവിദഗ്ദരുടെ ഔദ്യോഗിക സംഘടവനയായ സൊസൈറ്റി ഓഫ് കേരള 18 മത് വാർഷിക കോൺഫറൻസ് രാവിലെ 10ന്.

## പിറവം

■ **ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല :** ചിന്മയ മിഷന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷമായ ചിന്മയ അമൃത് മഹോത്സവത്തിന്റെ ഭാഗമായി ആരംഭിക്കുന്ന അന്താരാഷ്ട്ര സമ്മേളനം. രാവിലെ 9ന് ചിന്മയ മിഷൻ മുൻ ആഗോള അധ്യക്ഷനും ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല മുൻ ചാൻസിലർ ഗുരുജി സ്വാമി തേജോമയാനന്ദ സമ്മേളനം ഉദ്ഘാടനം ചെയ്യും.

■ **കോട്ടപ്പുറം കോളങ്ങയി പള്ളി :** വിശുദ്ധ മിഖായേൽ മാലാഖയുടെ തിരുനാൾ. രാവിലെ 6ന്.

## മുളന്തുരുത്തി

■ **മാർത്തോമൻ യാക്കോബായ സുറിയാനി കത്തീഡ്രൽ :** ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ - രാവിലെ 7ന്.

## മൂവാറ്റുപുഴ

■ **വാഴക്കുളം കാർമൽ പബ്ലിക് സ്കൂൾ ഓഡിറ്റോറിയം :** വാഴക്കുളം ജ്വാല ജനകീയ കലാ സാംസ്കാരിക വേദിയുടെ പ്രൊഫഷണൽ നാടകോത്സവം. വൈകിട്ട് 6.30ന് തിരുവനന്തപുരം നവോദയയുടെ സുകുമാരി നാടകം അവതരിപ്പിക്കും.

# പതിനൊന്നിന്റെ പെരുമയുമായി സപ്ലൈകോ 'വിമൺസ് 11'




തിരുവനന്തപുരം: സംസ്ഥാന നിയമസഭയിൽ തെരഞ്ഞെടുക്കപ്പെട്ട 11 വനിതാ ജനപ്രതിനിധികൾക്കുള്ള ആദരസൂചകമായി മെയ് 11 മുതൽ 11 ദിവസത്തേക്ക് 11 തെരഞ്ഞെടുത്ത ശബരി ഉൽപ്പന്നങ്ങൾ 11 ശതമാനം വിലക്കുറവിൽ വനിതാ ഉപഭോക്താക്കൾക്ക് സപ്ലൈകോ ലഭ്യമാക്കുന്നു. വനിതാ നേതൃത്വത്തെ ആദരിക്കുന്നതോടൊപ്പം, സ്ത്രീകൾ വീടുകളിലും സമൂഹത്തിലും വഹിക്കുന്ന നിർണായക പങ്കിനെയും ഉയർത്തിക്കാട്ടുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ശബരി വെളിച്ചെണ്ണ, അപ്പം പൊടി, പുട്ടുപൊടി, ഉപ്പ്, മഞ്ഞൾ പൊടി, മുളകുപൊടി, മല്ലിപൊടി, കടുക്, ജീരകം, ശബരി ഗോൾഡ് ചായപ്പൊടി, ഹോട്ടൽ ബ്ലെൻഡ് ചായപ്പൊടി എന്നിവയാണ് 11 ശതമാനം വിലക്കുറവിൽ വനിതാ ഉപഭോക്താക്കൾക്ക് മെയ് 21 വരെ നൽകുക.

# വനിതാ സംരംഭകർക്ക് ടൈ വുമൺ കേരള ലോഞ്ച് 12ന്

**കൊച്ചി:** വനിതാ സംരംഭകർക്കും സഹസംരംഭകർക്കുമായി ടൈ വുമൺ കേരള ലോഞ്ച് 2026- 27 സംഘടിപ്പിക്കുന്നു. എംബ്രേസ്, എൻഗേജ്, എംപവർ എന്ന വിഷയത്തിൽ നടക്കുന്ന ലോഞ്ചിൽ നെസ്റ്റ് ഡിജിറ്റൽ സി ഇ ഒ നസ്നീൻ ജഹാംഗീർ, വി സ്റ്റാർ ക്രിയേഷൻസ് സ്ഥാപകയും മാനേജിംഗ് ഡയറക്ടറുമായ ഷീല കൊച്ചൗസേപ്പും മുഖ്യപ്രഭാഷണം നടത്തും.

മെയ് 12ന് വൈകിട്ട് മൂന്ന് മണിക്ക് കൊച്ചി എസ് സി എം എസ് കോളജിലാണ് പരിപാടി. 2019 ജനുവരി ഒന്നിന് ശേഷം സ്റ്റാർട്ടപ്പുകൾ ആരംഭിച്ച വനിതാ സംരംഭകർ, 33 ശതമാനമോ അതിലധികമോ ഓഹരിയുള്ള വനിതാ സഹസംരംഭകർ എന്നിവർക്ക് ലോഞ്ചിൽ പിച്ചിംഗ് കോംപറ്റീഷനിൽ പങ്കെടുക്കാവുന്നതാണ്.

പരിപാടിയിൽ പങ്കെടുക്കാൻ https://events.tie.org/TiEWomenlaunch2026 എന്ന ലിങ്കിലോ ടൈ വുമൺ 2026 പിച്ചിങ് കോമ്പറ്റിഷനിൽ പങ്കെടുക്കാൻ https://tiewomen.org/ എന്ന ലിങ്കിലോ അപേക്ഷിക്കാവുന്നതാണ്.

ടൈ വുമണിൽ അപേക്ഷിച്ചവർക്ക് പിച്ചിംഗ് സെഷനും ലോഞ്ചിൽ പങ്കെടുക്കുന്നവർക്ക് ഓപ്പൺ മൈക്കും ഉണ്ടാവും.

# എറണാകുളത്ത് 'കളിക്കൂട്ടം' ക്യാമ്പയിൻ: ബാലസഭ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു

**കൊച്ചി:** കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ നഗര-ഗ്രാമ സിഡിഎസുകളിലാകെ ബാലസഭ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പുതിയ ബാലസഭകൾ രൂപീകരിക്കുന്നതിനും നിർജ്ജീവമായവയെ പുനരുജ്ജീവിപ്പിക്കുന്നതിനുമായി 'കളിക്കൂട്ടം' എന്ന പ്രത്യേക ക്യാമ്പയിൻ മെയ് മാസത്തിൽ ആരംഭിക്കുന്നു.

ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും പോലുള്ള വെല്ലുവിളികളെ മുൻനിർത്തി കാർബൺ ന്യൂട്രാലിറ്റി എന്ന ആശയം കുട്ടികളിലേക്ക് എത്തിക്കുകയും പ്രായോഗിക പ്രവർത്തനങ്ങളിൽ അവരെ ഉൾപ്പെടുത്തുകയും ചെയ്യുന്നതാണ് ക്യാമ്പയിന്റെ പ്രധാന ഘടകങ്ങളിലൊന്ന്.

കുട്ടികളുടെ വ്യക്തിത്വ വളർച്ച, സാമൂഹിക ബോധം, സൃഷ്ടിപരമായ കഴിവുകൾ, നേതൃത്വഗുണങ്ങൾ എന്നിവ വികസിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. എല്ലാ വാർഡുകളിലും ബാലസഭകൾ രൂപീകരിച്ച് 5 മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളെ ഉൾപ്പെടുത്തുന്നതിനും ബാലസഭ പ്രവർത്തനങ്ങളെ കൂടുതൽ സജീവമാക്കുന്നതിനും നടപടികൾ സ്വീകരിക്കും. പൊതു ഇടങ്ങൾ ബാല സൗഹൃദമാക്കുന്നതിനും കുട്ടികൾക്ക് സുരക്ഷിതവും പ്രചോദനപരവുമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും മുൻഗണന നൽകും. സാമൂഹിക അവബോധവും ജനാധിപത്യ മൂല്യങ്ങളും വളർത്തുന്നതിനോടൊപ്പം കുട്ടികളിലെ മാനസിക സംഘർഷ സാധ്യതകൾ കുറയ്ക്കുന്നതിനും വിവിധ പരിപാടികൾ ആസൂത്രണം ചെയ്യും. ഇതിലൂടെ കുട്ടികളുടെ സർഗാത്മക ശേഷി വികസിപ്പിക്കുകയും സമൂഹത്തിൽ സജീവ പങ്കാളികളായി വളരുന്നതിനും സഹായിക്കുകയും ചെയ്യും.

ക്യാമ്പയിന്റെ ഭാഗമായി അയൽക്കൂട്ട തലത്തിൽ കുട്ടികളുടെ വിവരശേഖരണം നടത്തി. ഇതിനായി പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ ചേർന്നു. ഇതിലൂടെ ബാലസഭയിൽ അംഗങ്ങളല്ലാത്ത കുട്ടികളെ കണ്ടെത്തി പുതിയ ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ട് ബാലസഭകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ടീം ലീഡർ, സാമൂഹ്യ വികസനം, കലാ-കായിക-സാംസ്കാരികം, സ്കില്ലിംഗ് ആൻഡ് ഇന്നൊവേഷൻ വിഭാഗങ്ങളിലെ പ്രതിനിധികൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.മെയ് 10നുള്ളിൽ ജില്ലയിലെ ക്യാമ്പയിൻ പ്രവർത്തനങ്ങളും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. പ്രവേശനോത്സവ മാതൃകയിൽ കളിക്കൂട്ട വേദി സജ്ജമാക്കുകയും കലാ-കായിക വിനോദ പരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കുകയും ചെയ്യും.

ബാലസഭകളെ വെറും കൂട്ടായ്മകളായി നിർത്താതെ, നാടിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കുന്ന സജീവ കുട്ടി കൂട്ടായ്മകളാക്കി മാറ്റുകയാണ് പദ്ധതിയുടെ ലക്ഷ്യം.

# സംസ്കൃത സർവ്വകലാശാലയിൽ യു. ജി. സി പരീക്ഷാ പരിശീലനം; അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ പ്രവർത്തിക്കുന്ന കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ജനറൽ പേപ്പർ - ഒന്നിനായി സംഘടിപ്പിക്കുന്ന യു. ജി. സി. പരീക്ഷാ പരിശീലനം മെയ് രണ്ടാം വാരം ആരംഭിക്കുമെന്ന് സർവ്വകലാശാല അറിയിച്ചു.

30 ദിവസമാണ് പരിശീലനം. ഓൺലൈനായി നടത്തുന്ന പരിശീലനം ദിവസവും രണ്ട് മണിക്കുറായിരിക്കും. ആയിരം രൂപയാണ് പരിശീലന ഫിസ്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്ക് 500/ രൂപമതിയാകും. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി മെയ് 10. ഗൂഗിൾ ഫോം ലിങ്ക് വഴി അപേക്ഷിക്കണം. https://forms.gle/C 66L9KD4NK4WZ9hx7. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9048969806.

# കോഴി കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്

**തൊടുപുഴ:** തൊടുപുഴ താലൂക്കിൽ പ്രവർത്തിക്കുന്ന ജില്ല കോഴിവളർത്തൽ കേന്ദ്രം കോലാനിയിൽ നിന്നും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ കോഴി കുഞ്ഞുങ്ങൾ വിതരണം ചെയ്യുന്നതിനായി മുൻകൂർ ബുക്കിങ് ക്ഷണിക്കുന്നു. പെൺകുഞ്ഞുങ്ങൾക്ക് 25 രൂപയും പൂവൻ കുഞ്ഞുങ്ങൾക്ക് 5 രൂപയുമാണ് നിരക്ക്. ഫോൺ: 04862221138. ഇമെയിൽ: dpfklny.ahd@kerala.gov.in.

# ഡാറ്റാ എൻട്രി ഓപ്പറേറ്റർ ഒഴിവ്; അഭിമുഖം 19ന്

**കൊച്ചി:** മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വിഭാഗത്തിന് കീഴിലുള്ള വി.ആർ.ഡി.എൽ ൽ ഒഴിവുള്ള ഒരു ഡാറ്റാ എൻട്രി തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഡാറ്റാ എൻട്രിയിലും ഡാറ്റാ മാനേജ്മെന്റിലും അറിവുള്ള ബിരുദധാരികൾക്കാണ് അവസരം. ആരോഗ്യ മേഖലയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 20,000 ലഭിക്കും. അപേക്ഷകർ 40 വയസ്സിൽ താഴെയുള്ളവരായിരിക്കണം.

താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം മെയ് 19-ന് രാവിലെ 10:30-ന് മെഡിക്കൽ കോളേജിൽ നടക്കുന്ന അഭിമുഖത്തിന് ഹാജരാകണം. ഫോൺ : 0484-2754000.

സൊസൈറ്റി ടുഡേ
SOCIETY TODAY

# നീതി സാധാരണക്കാരന്റെ അവകാശം; പണമില്ലാത്തതിന്റെ പേരിൽ നീതി നിഷേധിക്കപ്പെടരുത്: ജസ്റ്റിസ് സി. പ്രദീപ് കുമാർ



*കാക്കനാട് ഗവൺമെന്റ് ഒബ്സർവേഷൻ ഹോമിൽ പുതിയതായി സജ്ജമാക്കിയ ലീഗൽ സർവീസ് ക്ലിനിക്കിന്റെ ഉദ്ഘാടനം കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി. പ്രദീപ് കുമാർ നിർവ്വഹിക്കുന്നു.*

**കൊച്ചി:** ഗവൺമെന്റ് ഒബ്സർവേഷൻ ഹോമിൽ പുതിയതായി സജ്ജമാക്കിയ ലീഗൽ സർവീസ് ക്ലിനിക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ആർക്കും നീതി നിഷേധിക്കപ്പെടരുതെന്നും സാധാരണക്കാർക്ക് നിയമസഹായം ഉറപ്പാക്കുകയാണ് ലീഗൽ സർവീസ് ക്ലിനിക്കുകളുടെ ലക്ഷ്യമെന്നും കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി. പ്രദീപ് കുമാർ. കാക്കനാട് ഗവൺമെന്റ് ഒബ്സർവേഷൻ ഹോമിൽ പുതുതായി സജ്ജമാക്കിയ ലീഗൽ സർവീസ് ക്ലിനിക്കിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോടതി നടപടികളിലെ കാലതാമസവും സാമ്പത്തിക ചിലവുകളും സാധാരണക്കാരെ നീതി തേടുന്നതിൽ നിന്ന് പിന്നോട്ട് വലിക്കുന്നുണ്ടെന്നും നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ എടുക്കുന്ന ദീർഘമായ സമയം പലപ്പോഴും വെല്ലുവിളിയാകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. സിവിൽ കേസുകൾ ഉൾപ്പെടെ പത്തും ഇരുപത്തഞ്ചും വർഷങ്ങൾ കോടതികളിൽ കെട്ടിക്കിടക്കുന്ന സാഹചര്യം ഇന്നുമുണ്ട്. ഇത്തരം പ്രതിസന്ധികൾ മറികടന്ന് എല്ലാവർക്കും നീതി ലഭ്യമാക്കുക എന്ന നല്ല ഉദ്ദേശത്തോടുകൂടിയാണ് ലീഗൽ സർവീസ് അതോറിറ്റി ആക്ട് നിലവിൽ വന്നത്.

മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ അവസ്ഥ മെച്ചമാണെങ്കിലും നിയമസഹായം ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ നിയമ വിദ്യാർത്ഥികൾക്ക് വലിയ പങ്കുവഹിക്കാൻ സാധിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. യുവ അഭിഭാഷകർക്കും വിദ്യാർത്ഥികൾക്കും സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്ക് വേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. കേരളത്തിലുടനീളം ലീഗൽ സർവീസ് ക്ലിനിക്കുകൾ വ്യാപിപ്പിക്കണമെന്നും, സാധാരണ ജനങ്ങൾക്ക് അവർക്ക് നിഷേധിക്കപ്പെട്ട നീതി എത്രയും വേഗത്തിൽ ലഭ്യമാക്കാൻ ഇത്തരം സംവിധാനങ്ങൾ ഉപകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കെൽസ മെമ്പർ സെക്രട്ടറിയും ജില്ലാ ജഡ്ജിയുമായ അനിൽ കെ. ഭാസ്കർ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു. എറണാകുളം ജെ.ജെ.ബി പ്രിൻസിപ്പൽ മജിസ്ട്രേറ്റ് ജി. പത്മകുമാർ ചടങ്ങിൽ അധ്യക്ഷനായി. എറണാകുളം പ്രിൻസിപ്പൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് ജഡ്ജി കെ. ബാലകൃഷ്ണൻ, കണയന്നൂർ ടി.എൽ.എസ്.സി ചെയർപേഴ്സണും ജില്ലാ ജഡ്ജിയുമായ എം. സുലേഖ, സി.ഡബ്ല്യു.സി ചെയർപേഴ്സൺ അഡ്വ. ഉല്ലാസ് മധു, ജെ.ജെ.ബി അംഗം അഡ്വ. പി നളിനി, ജില്ലാ വനിതാ ശിശുവികസന ഓഫീസർ ജെബിൻ ലോലിത സൈൻ, ഡി.സി.പി.ഒ ഡോ. പി ജയന്തി, കാണയന്നൂർ ടി.എൽ.എസ്.സി സെക്രട്ടറി ജോയ്സൺ, ജെ.ജെ.ബി അംഗം അഡ്വ. കെ എസ് ശ്രീജ , കാക്കനാട് ഗവ. ഒബ്സർവേഷൻ ഹോം സൂപ്രണ്ട് പി.എസ് സിനി, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# റിസർച്ച് അസിസ്റ്റന്റ് ഒഴിവ്; അഭിമുഖം മെയ് 20ന്

**കൊച്ചി:** മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വകുപ്പിന് കീഴിലുള്ള വി.ആർ.ഡി.എൽ ലാബിൽ റിസർച്ച് അസിസ്റ്റന്റ് തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു.

ഒരു വർഷത്തേക്കാണ് നിയമനം. മെഡിക്കൽ മൈക്രോബയോളജി, മോളിക്യുലാർ ബയോളജി അല്ലെങ്കിൽ ബയോടെക്നോളജി എന്നിവയിലൊന്നിൽ ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത.

അംഗീകൃത ഡയഗ്നോസ്റ്റിക് ലാബററ്ററിയിലുള്ള പ്രവൃത്തിപരിചയം, കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളിലും ഡാറ്റ മാനേജ്മെന്റിലുമുള്ള അറിവ് എന്നീ യോഗ്യത വേണം. പ്രതിമാസ വേതനം 35,000 രൂപ.

പ്രായപരിധി 45 വയസ്സ്. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ പ്രായം, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം മെയ് 20-ന് രാവിലെ 11 ന് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം.

ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലാണെങ്കിൽ പ്രാഥമിക സ്ക്രീനിംഗ് ടെസ്റ്റ് ഉണ്ടായിരിക്കും. ഫോൺ -0484-2754000.

# കൊതുക് പരത്തുന്ന വെസ്റ്റ് നൈൽ പനിക്കെതിരെ പ്രതിരോധശീലങ്ങൾ ഉറപ്പാക്കണമെന്ന്

**ആലപ്പുഴ:** കൊതുക് പരത്തുന്ന വെസ്റ്റ് നൈൽ പനിക്കെതിരെ പ്രതിരോധശീലങ്ങൾ ഉറപ്പാക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ദേശാടന പക്ഷികളിൽ കാണാനിടയുള്ള ഫ്ളാവി വൈറസ് വിഭാഗത്തിൽപ്പെടുന്ന വൈറസ് കൊതുക് കടിയിലൂടെ മനുഷ്യരിലേക്ക് എത്തുന്നു. കെട്ടിനിൽക്കുന്ന മലിനമായ വെള്ളത്തിലും ഒഴുക്കില്ലാത്ത വെള്ളത്തിലും ഓവുചാലുകൾ, സെപ്റ്റിക് ടാങ്കുകൾ, ചതുപ്പ് പ്രദേശം, പാടങ്ങൾ പുൽച്ചെടികൾ തഴച്ച് വളരുന്ന ഇടങ്ങൾ എന്നിവിടങ്ങളിലൊക്കെ കൂടുതൽ കാണാനിടയുള്ള ക്യൂലക്സ് കൊതുകുകളാണ് രോഗവാഹകർ.

സാധാരണയായി വെള്ളം കെട്ടി കിടക്കാൻ ഇടയുള്ള ടയറുകൾ, പാത്രങ്ങൾ, എന്നിവിടങ്ങളിലും കൊതുക് പെരുകാൻ ഇടയുണ്ട്. കൊതുക് കടി ഒഴിവാക്കാനുള്ള പ്രതിരോധശീലങ്ങൾ പാലിക്കുന്നതും വീടുകളിലും പരിസരത്തും വ്യക്തിഗതമായും സാമൂഹ്യാധിഷ്ഠിതവുമായും നടത്തുന്ന കൊതുക് നശീകരണ, ഉറവിട നശീകരണ പ്രവർത്തനങ്ങൾ ആണ് പ്രധാന പ്രതിരോധ മാർഗം.



## വ്യക്തിഗത പ്രതിരോധ ശീലങ്ങൾ പാലിക്കുക

കൊതുകടി കൊള്ളുന്നതിന് സാധ്യത കൂടുതലുള്ള പ്രഭാത വേളയിലും വൈകുന്നേരങ്ങളിലും കടിയേൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. പ്രഭാത/സായാഹ്ന നടത്തം തുടങ്ങി വ്യായാമങ്ങളിൽ ഏർപ്പെടുന്നവരും ഈ സമയങ്ങളിൽ പുറത്ത് സമയം ചെലവിടുന്നവരും കൊതുക് കടി ഏൽക്കാതെ ശ്രദ്ധിക്കുക. പുറത്ത് സമയം ചെലവിടാതിരിക്കുന്നതാണ് ഉചിതം.

പുറത്തിറങ്ങുമ്പോൾ ഇളം നിറത്തിലുള്ള കൈകാലുകൾ മൂടുന്ന തരത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുക. കൊതുക് കടി പ്രതിരോധിക്കുന്ന ലേപനങ്ങൾ കൃത്യമായി പുരട്ടുക.കിടപ്പുമുറിയിലും മറ്റും മുഷിഞ്ഞ വസ്ത്രങ്ങൾ കൂട്ടി ഇടാതിരിക്കാൻ ശ്രദ്ധിക്കുക. കൊതുക് കടക്കാത്ത വിധം ജനാലകളിലും വാതിലുകളിലും മോസ്കിറ്റോ നെറ്റ് ഘടിപ്പിക്കുക. ഉറങ്ങുമ്പോൾ കൊതുക് വല ഉപയോഗിക്കുക

## കൊതുക് നശീകരണം ഉറപ്പാക്കുക

വീടിനുള്ളിലും പരിസരത്തും കൊതുക് വളരാൻ ഇടയുള്ള സാഹചര്യങ്ങൾ ഇല്ലാതെയാക്കുക. ടെറസിലും പാത്തികളിലും വെള്ളം തങ്ങിനിൽക്കാത്ത വിധം വൃത്തിയാക്കുക. ടയറുകൾ, പാഴ്വസ്തുക്കൾ എന്നിവ വെള്ളം നനയാത്ത വിധം സൂക്ഷിക്കുക. വെള്ളം ശേഖരിച്ച് വെക്കുന്ന പാത്രങ്ങൾ മൂടി സൂക്ഷിക്കുക. ഇടയ്ക്കിടെ വശങ്ങൾ തേച്ചുരച്ച് കഴുകി വൃത്തിയാക്കുക.

ശൗചാലയങ്ങളുടെ വെന്റ് പൈപ്പ് കൊതുക് കടക്കാത്ത വിധം വലയിട്ടു മൂടുക. വീടിനു പരിസരത്തെ കുറ്റിച്ചെടികൾ വെട്ടി വൃത്തിയാക്കുക. വീടിന് പരിസരത്ത് മലിനമായതോ ഒഴുക്കില്ലാത്തതോ ആയ വെള്ളം കെട്ടിനിൽക്കുന്ന ഇടങ്ങളിലെയും പരിസരങ്ങളിലെയും കൊതുക് നശീകരണം സാധ്യമാക്കുന്ന ഫോഗിങ്ങ് മറ്റ് കൊതുക് നശീകരണ പ്രവർത്തനങ്ങൾ എന്നിവ ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ ഉറപ്പാക്കുക. വീടിനും പരിസരത്തും കൊതുക് വളരാൻ ഇടയുള്ള സാഹചര്യങ്ങൾ ഒഴിവാക്കാത്തത് പബ്ലിക് ഹെൽത്ത് ആക്ട് പ്രകാരം പിഴയീടാക്കാവുന്ന കുറ്റമാണ്. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുക. അജൈവമാലിന്യങ്ങൾ കൃത്യമായി ഹരിത കർമ്മ സേനയ്ക്ക് കൈമാറുക.

വയോജനങ്ങൾ രോഗപ്രതിരോധശേഷി കുറഞ്ഞവർ ഗർഭിണികൾ തുടങ്ങിയവർ പ്രത്യേകം ശ്രദ്ധിക്കുക. പനി, ക്ഷീണം മനംപിരട്ടൽ, ഛർദി, കഴുത്തു തിരിക്കാൻ ബുദ്ധിമുട്ട് തുടങ്ങിയ രോഗ ലക്ഷണങ്ങൾ ഉണ്ടായാൽ എത്രയും പെട്ടെന്ന് വൈദ്യ സഹായം തേടുക. രണ്ടുമുതൽ രണ്ടാഴ്ച വരെ രോഗ ലക്ഷണം പ്രകടമാകാൻ സമയം എടുത്തേക്കും.

ഭൂരിപക്ഷം പേരിലും പ്രകടമായ രോഗലക്ഷണങ്ങൾ ഉണ്ടാവണമെന്നില്ല. പനി ശരീരവേദന തലവേദന വയറിളക്കം മനംപിരട്ടൽ പോലെയുള്ള ലക്ഷണങ്ങൾ തുടക്കത്തിൽ ഉണ്ടായേക്കാം. രോഗം ഗുരുതരമായാൽ നാഡീവ്യവസ്ഥയെ ബാധിക്കുന്നതിനാൽ തലച്ചോറിനെ ബാധിക്കുന്ന എൻസെഫലൈറ്റിസ്, മസ്തിഷ്കജ്വരം, കാഴ്ച നഷ്ടപ്പെടുക, പക്ഷാഘാതം പോലെയുള്ള ലക്ഷണങ്ങളും ഉണ്ടാകാൻ ഇടയുണ്ട്.

രോഗബാധയുള്ള വ്യക്തിയിൽ നിന്ന് മറ്റു വ്യക്തികളിലേക്ക് രോഗം പകരില്ല. കൊതുക് കടി ഏൽക്കാതെ സുരക്ഷിതരാകുന്നത് രോഗം വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. പനി, ഉയർന്ന ശരീര താപനില, കഴുത്ത് ചലിപ്പിക്കാൻ കഴിയാതെ ആവുക, മാനസികാവസ്ഥയിലെ മാറ്റങ്ങൾ തുടങ്ങിയ ലക്ഷണങ്ങൾ ഉായാൽ എത്രയും പെട്ടെന്ന് വൈദ്യസഹായം തേടുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഫെവിക്കോളിന്റെ പുതിയ പരസ്യചിത്രം പുറത്തിറക്കി; പരസ്യ കുലപതി പിയൂഷ് പാണ്ഡെയ്ക്ക് ആദരം

**കൊച്ചി:** അധികാരത്തിന്റെയും അഭിലാഷങ്ങളുടെയും പ്രതീകമായി മാറുന്ന കസേരയെ മുൻനിർത്തി ഫെവിക്കോളിന്റെ പുതിയ പരസ്യചിത്രം 'കുർസി പേ നസർ' പുറത്തിറങ്ങി. ഇന്ത്യൻ സാഹചര്യങ്ങളിൽ ഒരു കസേരയ്ക്ക് ചുറ്റും നടക്കുന്ന അധികാര വടംവലികളെയും മോഹങ്ങളെയും പതിവ് ഫെവിക്കോൾ നർമ്മശൈലിയിൽ അവതരിപ്പിക്കുന്നതാണ് പുതിയ ചിത്രം. ഇന്ത്യൻ പരസ്യലോകത്തെ ഇതിഹാസമായിരുന്ന പിയൂഷ് പാണ്ഡെ ആശയരൂപീകരണം നടത്തിയ അവസാനത്തെ ഫെവിക്കോൾ ക്യാമ്പയിൻ എന്ന സവിശേഷതയും ഇതിനുണ്ട്. അദ്ദേഹത്തിന്റെ ആകസ്മിക വിയോഗത്തെ തുടർന്ന് മാറ്റിവെച്ച ചിത്രീകരണം അഞ്ച് മാസങ്ങൾക്ക് ശേഷം പ്രസൂൺ പാണ്ഡെയുടെ സംവിധാനത്തിലാണ് പൂർത്തിയാക്കിയത്.

മനുഷ്യജീവിതത്തിലെ വളരെ ലളിതമായ യാഥാർത്ഥ്യങ്ങളെ പ്രേക്ഷകരുടെ ഹൃദയത്തിൽ സ്പർശിക്കുന്ന രീതിയിൽ അവതരിപ്പിക്കുന്നതാണ് ഫെവിക്കോളിന്റെ രീതിയെന്നും, ഇത്തരം സാധാരണ കാഴ്ചകളെ ഐതിഹാസികമായ കഥ പറച്ചിലിലൂടെ അവതരിപ്പിക്കാൻ പിയൂഷ് പാണ്ഡെയ്ക്ക് അസാമാന്യമായ കഴിവുണ്ടായിരുന്നുവെന്നും പിഡിലൈറ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സുധാൻഷു വാട്സ് പറഞ്ഞു.

തങ്ങളുടെ ജീവിതത്തിലെ ഏറ്റവും വെല്ലുവിളി നിറഞ്ഞ ചിത്രീകരണമായിരുന്നു ഇതെന്നും, പിയൂഷ് പാണ്ഡെയുടെ ആകസ്മിക വിയോഗത്തെ തുടർന്ന് അഞ്ച് മാസങ്ങൾക്ക് ശേഷമാണ് പരസ്യത്തിന്റെ ചിത്രീകരണം പൂർത്തിയാക്കിയതെന്നും കോർകോയിസ് ഫിലിംസ് ഡയറക്ടർ പ്രസൂൺ പാണ്ഡെ വ്യക്തമാക്കി. സമൂഹത്തിൽ വളരെ സാധാരണമായ ഒരു കാഴ്ചയിലൂടെ മനുഷ്യബന്ധങ്ങളുടെ ആഴം വ്യക്തമാക്കുന്നതാണ് ഈ പുതിയ ക്യാമ്പയിൻ.

# ആമസോൺ പ്രൈം ഡേ



**കൊച്ചി:** ആമസോൺ പ്രൈം ഡേ ഇന്ത്യയിൽ 2026 ജൂലൈയിൽ എത്തുമെന്ന് പ്രഖ്യാപിച്ചു. ഇന്ത്യയിലെ പ്രൈം ഡേയുടെ പത്താം എഡിഷനിൽ മികച്ച ഡീലുകൾ, സേവിങ്, പുതിയ ലോഞ്ചുകൾ, ബ്ലോക്ക് ബസ്റ്റർ എന്റർടെയ്ൻമെന്റ് തുടങ്ങി നിരവധി ആനുകൂല്യങ്ങൾ പ്രൈം അംഗങ്ങൾക്ക് ഉപഭോക്താക്കൾക്ക് പ്രതീക്ഷിക്കാം. പുതിയ ബ്രാൻഡുകൾ, ട്രെൻഡിങ് ഉത്പന്നങ്ങൾ, പുതിയ ലോഞ്ചുകൾ എന്നിവയിൽ മികച്ച ഓഫറുകൾ ലഭിക്കും. ഇലക്ട്രോണിക്സ്, കിച്ചൻ, ബ്യൂട്ടി, ഫാഷൻ, ഫ്രഷ് ഗ്രോസറി, നിത്യോപയോഗ സാധനങ്ങൾ തുടങ്ങി നിരവധി മേഖലകളിൽ നിന്നുള്ള മികച്ച ഓഫറുകൾ പ്രൈം അംഗങ്ങൾക്ക് പ്രയോജനപ്പെടുത്താനാകും.

ജൂണിൽ ഓസ്ട്രിയ, ബെൽജിയം, ക്യാനഡ, കൊളംബിയ, ഈജിപ്ത്, ഫ്രാൻസ്, ജർമനി, ഇറ്റലി, അയർലൻഡ്, ലക്സംബർഗ്, മെക്സിക്കോ, നെതർലാൻഡ്സ്, പോളണ്ട് പോർച്ചുഗൽ, സൗദി അറേബ്യ, സിംഗപ്പൂർ, സ്പെയിൻ, സ്വീഡൻ, തുർക്കി, യുണൈറ്റഡ് അറബ് എമിറേറ്റ്സ്, യുണൈറ്റഡ് കിങ്ഡം, അമേരിക്ക എന്നിവിടങ്ങളിൽ പ്രൈം ഡേ 2026 നടക്കും. ഓസ്ട്രേലിയ, ബ്രസീൽ, ജപ്പാൻ, ഇന്ത്യ എന്നിവിടങ്ങളിലെ പ്രൈം അംഗങ്ങൾക്ക് ജൂലൈയിൽ പ്രൈം ഡേ ഡീലുകൾ ഷോപ്പ് ചെയ്യാം. ഇന്ത്യയിൽ, തെരഞ്ഞെടുത്ത നഗരങ്ങളിൽ ആമസോൺ നൗവിൽ അംഗങ്ങൾക്ക് മിനിറ്റുകൾക്കുള്ളിൽ ഡെലിവറി ലഭിക്കും. ആമസോൺ നൗവിൽ ഷോപ്പിങ് നടത്തുമ്പോൾ പ്രൈം അംഗങ്ങൾക്ക് 99 രൂപയ്ക്ക് ഷോപ്പിങ് നടത്തുമ്പോൾ ഫ്രീ ഡെലിവറി, 1399 രൂപയിൽ കൂടുതൽ ഷോപ്പിങ് നടത്തുമ്പോൾ 200 രൂപ അധിക ക്യാഷ്ബാക്ക് എന്നിവ പോലുള്ള എക്സ്ക്ലൂസിവ് ഓഫറുകളും ലഭിക്കും.

# യു.കെ–ഇന്ത്യ എഫ്.ടി.എയ്ക്ക് മുന്നോടിയായി റേഞ്ച് റോവർ സി.ബി.യു മോഡലുകൾക്ക് വിലക്കുറവുമായി ജെ.എൽ.ആർ ഇന്ത്യ



**കൊച്ചി:** യു.കെ-ഇന്ത്യ സ്വതന്ത്ര വ്യാപാര കരാർ (എഫ്.ടി.എ) നടപ്പിലാകുന്നതിനോടനുബന്ധിച്ച് യു.കെ-യിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന റേഞ്ച് റോവർ സി.ബി.യു മോഡലുകളുടെ പുതുക്കിയ വില പ്രഖ്യാപിച്ചു. പുതിയ തീരുവ ഘടനയുടെ ആനുകൂല്യമായി റേഞ്ച് റോവർ എസ് വി റേഞ്ച് റോവർ എസ്‌വി-യുടെ എക്സ്-ഷോറൂം ആരംഭ വില 425 ലക്ഷം രൂപയിൽ നിന്ന് 350 ലക്ഷം രൂപയായും റേഞ്ച് റോവർ സ്പോർട്ട് എസ് വി റേഞ്ച് റോവർ സ്പോർട് എസ്‌വി-യുടെ വില 275 ലക്ഷം രൂപയിൽ നിന്ന് 235 ലക്ഷം രൂപയായും കുറച്ചു.

റേഞ്ച് റോവർ, റേഞ്ച് റോവർ സ്പോർട്, റേഞ്ച് റോവർ ഇവോക്ക്, റേഞ്ച് റോവർ വെലാർ, ഡിസ്കവറി സ്പോർട് എന്നിവ ഉൾപ്പെടുന്ന പ്രാദേശികമായി നിർമ്മിക്കുന്ന മോഡലുകളുടെ വിലയിൽ മാറ്റമുണ്ടാകില്ലെന്ന് കമ്പനി അറിയിച്ചു. സ്ലൊവാക്യയിൽ നിർമ്മിക്കുന്ന ഡിഫെൻഡർ, ഡിസ്കവറി മോഡലുകളും നിലവിലെ വില തുടരും.

ഇന്ത്യ-യു.കെ എഫ്.ടി.എയുടെ പ്രയോജനം ഉപഭോക്താക്കൾക്ക് നൽകുന്നതിൽ സന്തോഷമുണ്ടെന്ന് ജെ.എൽ.ആർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ രാജൻ അംബ പറഞ്ഞു.

പുതുക്കിയ വിലനിർണ്ണയം കൂടുതൽ ഉപഭോക്താക്കളെ എസ്‌വി പോർട്ട്ഫോളിയിലേക്ക് ആകർഷിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# കരൾ മാറ്റിവെക്കണമെന്ന വിധിയിൽ തളർന്ന മാതാപിതാക്കൾ; മരണമുഖത്തുനിന്ന് മകനെ പുഞ്ചിരിയോടെ തിരികെ നൽകി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ഒരു നാലുവയസുകാരന്റെ നിഷ്കളങ്കമായ ചിരി വീണ്ടും ആ കുടുംബത്തിന്റെ വെളിച്ചമാവുകയാണ്. പനിച്ചുവിറച്ച്, അബോധാവസ്ഥയിൽ, ജീവൻ നിലനിർത്താൻ കരൾ മാറ്റിവെക്കൽ അല്ലാതെ മറ്റു വഴികളില്ലെന്ന് കരുതിയിടത്തുനിന്നാണ് കുഞ്ഞു ഇമ്മാനുവേൽ ജീവിതത്തിലേക്ക് നടന്നു കയറിയത്. ആലപ്പുഴക്കാരായ കെന്നഡിയുടെയും മേരി ജോസഫിന്റെയും പ്രാർത്ഥനകൾക്ക് ആസ്റ്റർ മെഡ്സിറ്റിയിലെ ഡോക്ടർമാർ മരുന്നിനേക്കാൾ ഉപരിയായി നൽകിയത് ഒരു പുതുജന്മമാണ്.

സാധാരണ പനിയായി തുടങ്ങിയതായിരുന്നു ഇമ്മാനുവേലിന്റെ അസുഖം. തുടർന്ന് നടത്തിയ പരിശോധനകളിൽ കരൾ പണിമുടക്കുന്നു എന്ന ഞെട്ടിക്കുന്ന വിവരമാണ് ലഭിച്ചത്. പനി കൂടിയതോടെ കുട്ടിയുടെ ആന്തരിക അവയവങ്ങൾ ഒന്നൊന്നായി തകരാറിലായി. ആലപ്പുഴയിൽ നിന്നും 'കരൾ മാറ്റിവെക്കൽ' എന്ന വലിയൊരു ശസ്ത്രക്രിയ നിർദ്ദേശിക്കപ്പെട്ടപ്പോൾ ഒരു പെയിന്റിംഗ് തൊഴിലാളിയായ കെന്നഡിയും ഭാര്യയും തകർന്നുപോയി. അബോധാവസ്ഥയിലായ മകനെയും കൊണ്ട് ആ ഞെട്ടലും സങ്കടവും നിറഞ്ഞാണ് അവർ ആസ്റ്റർ മെഡ്സിറ്റിയിലേക്ക് പാഞ്ഞെത്തിയത്. അബോധാവസ്ഥയിലായ കുട്ടിയുടെ ലക്ഷണങ്ങൾ പീഡിയാട്രിക് ന്യൂറോളജിസ്റ്റായ ഡോ. ഡേവിഡ്സൺ ദേവസ്യയുടെ ശ്രദ്ധയിൽപ്പെട്ടത് നിർണ്ണായകമായി. പരിശോധനയിൽ കരൾ മാറ്റിവെക്കേണ്ട ആവശ്യമില്ലെന്നും, മറിച്ച് തലച്ചോറിനെ ബാധിക്കുന്ന 'ഇൻഫെക്ഷൻ ട്രിഗർഡ് എൻസെഫലോപ്പതി' എന്ന അപൂർവ്വാവസ്ഥയാണെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. രക്തപരിശോധനയിൽ കരൾ പരാജയമാണെന്ന് തോന്നിക്കുമെങ്കിലും, യഥാർത്ഥ വില്ലൻ തലച്ചോറിലായിരുന്നു. കൃത്യസമയത്ത് എം.ആർ.ഐ, ഇ.ഇ.ജി, എന്നിവയിലൂടെ രോഗം തിരിച്ചറിഞ്ഞില്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ ആ ജീവൻ തന്നെ അപകടത്തിലാകുമായിരുന്നു. രണ്ടു മാസത്തോളം നീണ്ട തീവ്രപരിചരണത്തിനൊടുവിൽ ഇമ്മാനുവേൽ ജീവിതത്തിലേക്ക് പിച്ചവെച്ചു. വെന്റിലേറ്ററിന്റെ സഹായമില്ലാതെ അവൻ ശ്വസിച്ചു തുടങ്ങി. പീഡിയാട്രിക് ഐ.സി.യു കൺസൾട്ടന്റ് ഡോ. സെബാസ്റ്റ്യൻ പോളിന്റെ നേതൃത്വത്തിലുള്ള വിദഗ്ധസംഘത്തിന്റെ ഇടപെടൽ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിൽ നിർണായകമായി.

# കെപിഎൽ: ഉജ്ജ്വല തിരിച്ചുവരവിലൂടെ ഗോൾഡൻ ത്രെഡ്സിനെ വീഴ്ത്തി കാലിക്കറ്റ് എഫ്സി

**കോഴിക്കോട്:** കേരള പ്രീമിയർ ലീഗ് 2025-26 സീസണിലെ സൂപ്പർ 8 ഘട്ടത്തിലെ ആദ്യ മത്സരത്തിൽ ഉജ്ജ്വല തിരിച്ചുവരവിലൂടെ ആവേശജയം സ്വന്തമാക്കി കാലിക്കറ്റ് എഫ്സി. തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന ആവേശകരമായ മത്സരത്തിൽ ഗോൾഡൻ ത്രെഡ്സ് എഫ്സിയെ ഒന്നിനെതിരെ രണ്ടു ഗോളുകൾക്കാണ് കാലിക്കറ്റ് പരാജയപ്പെടുത്തിയത്. പകരക്കാരായി ഇറങ്ങിയ താരങ്ങൾ കളംനിറഞ്ഞ മത്സരത്തിൽ കാലിക്കറ്റിനായി ആന്റണി പൗലോസ് (51'), യോട്ടോ ലോഹെ (90+3) എന്നിവർ ലക്ഷ്യം കണ്ടപ്പോൾ, ഗോൾഡൻ ത്രെഡ്സിന്റെ ഏക ഗോൾ ബിബിൻ അജയന്റെ (4) വകയായിരുന്നു. മൂന്നു ഗോളുകളും പിറന്നത് സെറ്റ് പീസുകളിൽ നിന്നായിരുന്നു.

മത്സരം തുടങ്ങി നാലാം മിനിറ്റിൽ തന്നെ ബിബിൻ അജയനിലൂടെ ഗോൾഡൻ ത്രെഡ്സ് മത്സരത്തിൽ മുന്നിലെത്തി. ഇടത് വിങ്ങിൽ ടച്ച് ലൈനിനു തൊട്ടുമുന്നിൽ ലഭിച്ച ഫ്രീകിക്ക് എടുത്ത ബിബിന് ഒട്ടും പിഴച്ചില്ല. വളഞ്ഞുയർന്ന പന്ത്, ഉയർന്നു ചാടിയ ഗോളിയെയും മറികടന്ന് നേരെ വലയിൽ പതിച്ചതോടെ ഗോൾഡൻ ത്രെഡ്സ് അപ്രതീക്ഷിത ലീഡ് നേടി.

മഴ മൂലം താൽക്കാലികമായി നിർത്തിവെച്ച മത്സരത്തിൽ, വർധിച്ച വീര്യത്തോടെയാണ് രണ്ടാം പകുതിയെ കാലിക്കറ്റ് എഫ്സി സമീപിച്ചത്. ഇതിന്റെ ഫലം 51-ാം മിനിറ്റിൽ സമനില ഗോളായി അവർക്ക് ലഭിച്ചു. ഗോൾഡൻ ത്രെഡ്സിന്റെ ഗോൾ പിറന്ന അതേ സ്ഥാനത്ത് നിന്നും ഫ്രീകിക്കെടുത്ത കാലിക്കറ്റിന്റെ ലാൽസ്വാമ്പ്യൂയ, പന്ത് കൃത്യമായി ബോക്സിൽ ആന്റണിക്ക് നൽകി. ബോക്സിൽ മാർക്ക് ചെയ്യപ്പെടാതെ നിന്ന ആന്റണി, ക്ലോസ് റേഞ്ചിൽ നിന്നുള്ള മനോഹരമായ ഷോട്ടിലൂടെ പന്ത് വലയിലേക്ക് വഴിതിരിച്ചുവിട്ടു.



*ഗോൾഡൻ ത്രെഡ്സിനെതിരായ മത്സരത്തിൽ വിജയ ഗോൾ ആഘോഷിക്കുന്ന കാലിക്കറ്റ് എഫ്സി താരങ്ങൾ.*

മിനിറ്റുകൾക്ക് ശേഷം കോഴിക്കോടൻ ക്ലബ്ബിന്റെ ബോക്സിനു മുന്നിൽ വെച്ച് ഗോൾഡൻ ത്രെഡ്സിന് അനുകൂലമായി ലഭിച്ച ഫ്രീകിക്ക് തടുത്തിട്ട് ബിഷോർജിത് ഒരിക്കൽ കൂടി കാലിക്കറ്റ് എഫ്സിയുടെ രക്ഷകനായി മാറി. മത്സരത്തിലുടനീളം മികച്ച സേവുകളുമായി താരം വല കാത്തത് കാലിക്കറ്റിന് നിർണായകമായി.

രണ്ടാം പകുതിയിൽ താളം കണ്ടെത്തിയതോടെ എതിർ നിരയുടെ ഗോൾമുഖത്തേക്ക് കാലിക്കറ്റ് എഫ്സിയുടെ മുന്നേറ്റങ്ങൾ ഇരച്ചുകയറി. പലതവണ അവർ ഗോളിനടുത്തെത്തിയെങ്കിലും, ഷോട്ടുകൾ ലക്ഷ്യം കാണാതിരുന്നത് ടീമിനെ നിരാശയിലാഴ്ത്തി.

എന്നാൽ, ഇഞ്ചുറി സമയത്തേക്ക് മത്സരം കടന്നതോടെ കാലിക്കറ്റ് എഫ്സിയുടെ ആവേശകരമായ വിജയഗോൾ പിറന്നു. ലാൽസ്വാമ്പ്യൂയ എടുത്ത കോർണർകിക്ക് ഹെഡ് ചെയ്ത് വലയിലേക്ക് തിരിച്ചുവിട്ട യോട്ടോ ലോഹെയിലൂടെ കാലിക്കറ്റ് സൂപ്പർ എട്ടിലെ തങ്ങളുടെ ആദ്യ ജയം അവിസ്മരണീയമാക്കി.മെയ് ഒൻപതിന് കെഎസ്ഇബിക്ക് എതിരെയാണ് സൂപ്പർ എട്ടിൽ കാലിക്കറ്റ് എഫ്സിയുടെ അടുത്ത മത്സരം.

# ഇപിഎഫ് പേയ്മെന്റിനു സൗകര്യമൊരുക്കി ഫെഡറൽ ബാങ്ക്



*ഫെഡറൽ ബാങ്കിൽ ഇപിഎഫ് പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതിന്റെ ഔപചാരിക ഉദ്ഘാടനം ബാങ്കിന്റെ സീനിയർ വൈസ് പ്രസിഡന്റും ഗവൺമെന്റ് ബിസിനസ് ഡിപ്പാർട്ട്മെന്റ് കൺട്രി ഹെഡുമായ അനൂപ് ടി, ഇപിഎഫ്ഒ റീജണൽ പിഎഫ് കമ്മീഷണർ ബ്രിജ് മോഹൻ സിംഗ് എന്നിവർ ചേർന്ന് നിർവഹിക്കുന്നു. ഇപിഎഫ്ഒ പ്രതിനിധി അജയ് കൃഷ്ണ പലിവാൾ, ഫെഡറൽ ബാങ്ക് ഡൽഹി സോണൽ ഹെഡും വൈസ് പ്രസിഡന്റുമായ വിനോദ് കുമാർ ആർ എന്നിവർ സമീപം.*

**കൊച്ചി:** എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനുമായി (ഇപിഎഫ്ഒ) സഹകരിച്ച് ഇപിഎഫ് പേയ്മെന്റുകൾ നടത്താൻ സൗകര്യമൊരുക്കി ഫെഡറൽ ബാങ്ക്. ബാങ്കിന്റെ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ മുഖേനയാണ് പേയ്മെന്റുകൾക്ക് സൗകര്യമുണ്ടാകുക. വൻകിട ബിസിനസ് സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള ഇടപാടുകാർക്ക് ലളിതവും തടസരഹിതവുമായ മാർഗങ്ങളിലൂടെ സർക്കാർ സേവനങ്ങൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് സംവിധാനം ഏർപ്പെടുത്തിയതെന്ന് ഫെഡറൽ ബാങ്ക് അറിയിച്ചു.

ഡൽഹിയിൽ നടന്ന ചടങ്ങിൽ പുതിയ സംവിധാനം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ഇപിഎഫ്ഒ ഉദ്യോഗസ്ഥരായ ബ്രിജ് മോഹൻ സിംഗ്, അജയ് കൃഷ്ണ പലിവാൾ, കപിൽ ആനന്ദ്, ഫെഡറൽ ബാങ്ക് സീനിയർ വൈസ് പ്രസിഡന്റും ഗവർമെന്റ് ബിസിനസ് ഡിപ്പാർട്ട്മെന്റ് കൺട്രി ഹെഡുമായ അനൂപ് ടി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. നൂതന ഡിജിറ്റൽ സേവനങ്ങൾ അവതരിപ്പിക്കുമ്പോൾ തന്നെ മാനുഷിക മൂല്യങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുക എന്ന ബാങ്കിന്റെ ആപ്തവാക്യത്തിന് അനുസൃതമായി, ഇടപാടുകാർക്ക് സൗകര്യപ്രദമായതും കാലഘട്ടത്തിന് യോജിച്ചതുമായ സേവനങ്ങൾ അവതരിപ്പിക്കുന്നതിൽ ബാങ്ക് പ്രതിബദ്ധമാണെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ഹർഷ് ദുഗർ പറഞ്ഞു. ഇത്തരം സംവിധാനങ്ങൾ ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുക മാത്രമല്ല, സർക്കാർ സ്ഥാപനങ്ങളുമായി സുഗമമായ ഇടപെടൽ സാധ്യമാക്കുകയും അതുവഴി സർക്കാർ സംവിധാനങ്ങളെ ജനപ്രിയമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇപിഎഫ് ഓഫീസ് സന്ദർശിക്കാതെ തന്നെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഫെഡറൽ ബാങ്കിന്റെ നെറ്റ് ബാങ്കിങ് വഴി കുടിശിക അടക്കം പേയ്മെന്റുകൾ നടത്താൻ പുതിയ സംവിധാനം വഴി സാധിക്കുന്നതാണ്.

# മണപ്പുറം ഗ്രൂപ്പിന്റെ നേതൃനിരയിൽ നാല് സുപ്രധാന നിയമനങ്ങൾ

**കൊച്ചി:** മണപ്പുറം ഫിനാൻസിന്റെയും മണപ്പുറം ഹോം ഫിനാൻസിന്റെയും നേതൃനിരയിൽ നാല് സുപ്രധാന നിയമനങ്ങൾ നടത്തി മണപ്പുറം ഗ്രൂപ്പ്. മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡ് കോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി രാകേഷ് ശർമ്മയെയും മണപ്പുറം ഫിനാൻസ് ടാക്സേഷൻ മേധാവിയായി സുരേന്ദ്ര കെ നായരെയും മണപ്പുറം ഗ്രൂപ്പ് ചീഫ് ടെക്നോളജി ഓഫീസറായി ഈശ്വരൻ നാരായണനെയും മണപ്പുറം ഫിനാൻസിന്റെ ഫിനാൻഷ്യൽ പ്ലാനിങ് ആന്റ് അനാലിസിസ് വിഭാഗം മേധാവിയായി മനീഷ് മോഹനെയും നിയമിച്ചു.

ബാങ്കിംഗ് മേഖലയിൽ 23 വർഷത്തെ പരിചയ സമ്പത്തുള്ള രാകേഷ് ശർമ്മയ്ക്ക് ഭവന വായ്പ, സ്വത്ത് പണയ വായ്പ, ചിലവു കുറഞ്ഞ ഭവന നിർമ്മാണ വായ്പ എന്നീ മേഖലകളിൽ വൈദഗ്ധ്യമുണ്ട്. സെന്റ് ബാങ്ക് ഹോം ഫിനാൻസിൽ എംഡിയും സിഇഒയുമായും, നേരത്തേ അദാനി ഹൗസിംഗ് ഫിനാൻസ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ടൈഗർ ഹൗസിംഗിൽ സിഇഒ ആയും, ആവാസ് ഫിനാൻസിയേഴ്സ്, ഐഐഎഫ്എൽ, സിറ്റി ഫിനാൻഷ്യൽ, ഐസിഐസിഐ ഹോം ഫിനാൻസ് എന്നീ സ്ഥാപനങ്ങളിൽ ഉന്നത പദവികളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

35 വർഷത്തിലധികം സേവന പാരമ്പര്യമുള്ള ചാർട്ടേഡ് അക്കൗണ്ടന്റാണ് സുരേന്ദ്ര കെ നായർ. ഗ്രൂപ്പിന്റെ ചീഫ് ഫിനാൻസ് ഓഫീസർ ഭുവനേശ് താരാശങ്കറിനു കീഴിലാണ് ഇദ്ദേഹം പ്രവർത്തിക്കുക. ടാക്സേഷൻ, ബന്ധപ്പെട്ട നിയമവശങ്ങൾ തുടങ്ങിയ മേഖലകളിൽ പരിചയ സമ്പത്തുള്ള അദ്ദേഹം ആദിത്യ ബിർള ഫിനാൻസ്, ഡിബിഎസ് ബാങ്ക്, സിറ്റി ബാങ്ക് എന്നിവിടങ്ങളിൽ ഉന്നത പദവികൾ വഹിച്ചിട്ടുണ്ട്. കമ്പനിയിൽ 15 വർഷത്തിലധികം സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് സ്ഥാനമൊഴിയുന്ന ടാക്സേഷൻ വിഭാഗം മേധാവി ബാബു എം വി മുതിർന്ന ടാക്സ് അഡ്വൈസറി പദവിയിലേക്കു മാറും.

ബാങ്കിംഗ് സാങ്കേതിക വിദ്യ, ഐടി, ഡിജിറ്റൽ പരിവർത്തന മേഖലകളിൽ കാൽ നൂറ്റാിലേറെ പരിചയ സമ്പത്തുള്ള ഈശ്വരൻ നാരായണൻ, ഇക്വിറ്റാസ് സ്മോൾ ഫിനാൻസ് ബാങ്ക്, ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക്, ഐസിഐസിഐ ബാങ്ക്, കൊടക് മഹീന്ദ്ര ബാങ്ക് എന്നിവിടങ്ങളിൽ സുപ്രധാന തസ്തികകളിൽ ഇരുന്നിട്ടുണ്ട്.

മനീഷ് മോഹനനന് ജെപി മോർഗൻ, സിറ്റി ബാങ്ക്, സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്ക്, ആർബിഎസ്, എബിഎൻ അംറോ, ആക്സിസ് ബാങ്ക് എന്നിവിടങ്ങളിലായി 25 വർഷത്തിലേറെ പ്രവർത്തന പരിചയമുണ്ട്. സിഎഫ്എ ബിരുദ ധാരിയായ മനീഷ് മോഹനൻ ബാംഗ്ലൂർ ഐഐഎമ്മിൽ നിന്ന് എംബിഎയും, റൂർക്കി ഐഐടിയിൽ നിന്ന് ബിഇ യും നേടിയിട്ടുണ്ട്. ഭുവനേശ് താരാശങ്കറിനു കീഴിലാണ് ഇദ്ദേഹവും പ്രവർത്തിക്കുക.

തന്ത്രപ്രധാനമായ നേതൃ പദവികളിൽ നടത്തിയ പുതിയ നിയമനങ്ങൾ ബിസിനസ് ശേഷി വർധിപ്പിക്കുന്നതിലും ഭരണ നിർവഹണം മെച്ചപ്പെടുത്തുന്നതിലും സാമ്പത്തിക അച്ചടക്കം ഭദ്രമാക്കുന്നതിലും കമ്പനിക്കുള്ള പ്രതിബദ്ധതയാണ് പ്രതിഫലിപ്പിക്കുന്നതെന്ന് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി പി നന്ദകുമാർ വിലയിരുത്തി. രാകേഷ് ശർമ്മ, സുരേന്ദ്ര കെ നായർ, മനീഷ് മോഹൻ, ഈശ്വരൻ നാരായണൻ എന്നിവരുടെ അനുഭവ സമ്പത്ത് കമ്പനിയുടെ വളർച്ച ത്വരിതപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

# ടാറ്റ എയ്സ് ഗോൾഡ് പ്ലസ് എക്സ്എൽ വിപണിയിൽ




**കൊച്ചി:** ഇന്ത്യയിലെ ചെറുകിട വാണിജ്യ വാഹന വിപണിയിൽ വിപ്ലവം സൃഷ്ടിച്ച ടാറ്റ എയ്സിന്റെ 21-ാം വാർഷികത്തോടനുബന്ധിച്ച് കൂടുതൽ കരുത്താർന്ന 'ടാറ്റ എയ്സ് ഗോൾഡ് പ്ലസ് എക്സ്എൽ' ടാറ്റ മോട്ടോഴ്സ് വിപണിയിലിറക്കി. ലാസ്റ്റ് മൈൽ ലോജിസ്റ്റിക്സ് മേഖലയിലെ മാറുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് പരിഷ്കരിച്ച ഈ മോഡൽ, സംരംഭകർക്ക് കൂടുതൽ ലാഭക്ഷമതയും കുറഞ്ഞ പ്രവർത്തനച്ചെലവും ഉറപ്പുനൽകുന്നുവെന്ന് ടാറ്റ മോട്ടോഴ്സ് ബിസിനസ് ഹെഡ് പിനാകി ഹൽദാർ പറഞ്ഞു. 2005-ൽ പുറത്തിറങ്ങിയ ടാറ്റ എയ്സ്, നിലവിൽ രാജ്യത്തെ 26 ലക്ഷത്തിലധികം ഉപഭോക്താക്കളുടെ വിശ്വസ്ത വാഹനമാണ്. ഓരോ 4.25 മിനിറ്റിലും ഒരു എയ്സ് വിറ്റഴിക്കപ്പെടുന്നു എന്ന അപൂർവ്വ നേട്ടവും ഈ വാഹനത്തിനുണ്ട്. പുതിയ എയ്സ് ഗോൾഡ് പ്ലസ് എക്സ്എൽ ഉടമയുടെ ലാഭക്ഷമത നേരിട്ട് മെച്ചപ്പെടുത്തുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. എട്ട് അടി നീളമുള്ള ലോഡ് ബോഡിയും ഒരു ടൺ പേലോഡ് ശേഷിയും ഈ വാഹനത്തിന്റെ പ്രധാന സവിശേഷതയാണ്. 700 സിസി ടർബോചാർജ്ഡ് ഡീസൽ എഞ്ചിൻ 22 പിഎസ് പവറും 55 എൻഎം ടോർക്കും നൽകുന്നു. നഗരങ്ങളിലെ ഇടുങ്ങിയ വഴികളിലും ഗ്രാമീണ മേഖലകളിലും ഒരേപോലെ മികച്ച പ്രകടനം കാഴ്ചവെക്കാൻ ഇത് സഹായിക്കും. നൂതനമായ ലീൻ നോക്സ് ട്രാപ്പ് സാങ്കേതികവിദ്യയാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ സാധാരണ ഡീസൽ വാഹനങ്ങളിൽ കണ്ടുവരുന്ന ഡീസൽ എക്സ്ഹോസ്റ്റ് ഫ്ലൂയിഡിന്റെ ആവശ്യം ഇതിലില്ല. ഇത് വാഹനത്തിന്റെ സങ്കീർണ്ണത കുറയ്ക്കുകയും പരിപാലന ചെലവിൽ വലിയ ലാഭം നൽകുകയും ചെയ്യുന്നു. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി വനിതാ സംരംഭകർക്ക് 21,000 രൂപ വരെ പ്രത്യേക ആനുകൂല്യങ്ങൾ ടാറ്റ മോട്ടോഴ്സ് വാഗ്ദാനം ചെയ്യുന്നുണ്ട്. ടാറ്റ മോട്ടോഴ്സിന്റെ രാജ്യവ്യാപകമായ 2,500-ലധികം സർവീസ് ഔട്ട്ലെറ്റുകളുടെയും 'സമ്പൂർണ്ണ സേവ 2.0' ലൈഫ് സൈക്കിൾ സപ്പോർട്ട് പ്രോഗ്രാമിന്റെയും പിന്തുണ ഉപഭോക്താക്കൾക്ക് ലഭിക്കും. ആധുനിക ഗതാഗത ആവശ്യങ്ങൾക്കനുസരിച്ച് കാര്യക്ഷമതയും വിശ്വാസ്യതയും ഉടമസ്ഥന്റെ അഭിമാനവും ഉയർത്താനാണ് പുതിയ എയ്സ് ലക്ഷ്യമിടുന്നതെന്ന് പിനാകി ഹൽദാർ പറഞ്ഞു.

# മികച്ച അറ്റാദായം നേടി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** സൗത്ത് ഇന്ത്യൻ ബാങ്ക് 2025-26 സാമ്പത്തിക വർഷത്തിൽ 1455.14 കോടി രൂപ അറ്റാദായം നേടി. ബാങ്ക് ഇതുവരെ നേടിയതിൽ ഏറ്റവും ഉയർന്ന അറ്റാദായമാണിത്. 2024 – 25 സാമ്പത്തിക വർഷത്തിൽ നേടിയ അറ്റാദായമായ 1302.88 കോടി രൂപയേക്കാൾ 11.69 ശതമാനം വളർച്ചയാണ് ഈ സാമ്പത്തിക വർഷത്തിൽ നേടിയിരിക്കുന്നത്. 2,23,620 കോടി രൂപയുടെ ഇടപാടുകളാണ് ഈ സാമ്പത്തിക വർഷം നടത്തിയിരിക്കുന്നത്. പ്രവർത്തന ലാഭമായ 2,373 കോടി രൂപയും ഈ സാമ്പത്തിക വർഷം നേടാനായി. ബാങ്കിന്റെ ഏറ്റവും മികച്ച പലിശേതര വരുമാനമായി 2,009 കോടി രൂപ ഈ സാമ്പത്തിക വർഷം നേടിയെടുക്കാനും കഴിഞ്ഞു. എഴുതിത്തള്ളിയത് ഉൾപ്പെടെയുള്ള കിട്ടാക്കടങ്ങളുടെ നീക്കിയിരുപ്പ് അനുപാതം (പി.സി.ആർ), മുൻ വർഷത്തെ 85.03 ശതമാനത്തിൽ നിന്ന് 907 ബേസിസ് പോയിന്റുകൾ വർധിച്ച് 94.10 ശതമാനമായി. എഴുതിത്തള്ളിയത് ഒഴികെയുള്ള പി.സി.ആർ കഴിഞ്ഞ വർഷത്തെ 71.77 ശതമാനത്തിൽ നിന്ന് 810 ബേസിസ് പോയിന്റുകൾ ഉയർന്ന് 79.87 ശതമാനമായി. മൊത്ത നിഷ്ക്രിയ ആസ്തികൾ വാർഷികാടിസ്ഥാനത്തിൽ 3.20 ശതമാനത്തിൽ നിന്ന് 177 ബേസിസ് പോയിന്റ് കുറഞ്ഞ് 1.43 ശതമാനമായി. അറ്റ നിഷ്ക്രിയ ആസ്തികൾ വാർഷികാടിസ്ഥാനത്തിൽ 63 ബേസിസ് പോയിന്റ് കുറഞ്ഞ് 0.92 ശതമാനത്തിൽ നിന്ന് 0.29 ശതമാനമായി. ഈ വർഷത്തെ പ്രവർത്തന ലാഭം 2025 സാമ്പത്തിക വർഷത്തിലെ 2,270 കോടി രൂപയിൽ നിന്ന് 4.55 ശതമാനം വർദ്ധിച്ച് 2026 സാമ്പത്തിക വർഷത്തിൽ 2,373 കോടി രൂപയായി. വാർഷിക പൊതുയോഗത്തിൽ ഓഹരി ഉടമകളുടെ അംഗീകാരത്തിന് വിധേയമായി ഡയറക്ടർ ബോർഡ് 45 ശതമാനം ലാഭവിഹിതം ശുപാർശ ചെയ്തിരുന്നു.

# ടിവിഎസ് ഐക്യൂബ് എസ് 4.7 കെഡബ്ല്യുഎച്ച് വിപണിയിലിറക്കി



**കൊച്ചി:** ലോകത്തെ മുൻനിര ഇരുചക്ര-മുച്ചക്ര വാഹന നിർമാതാക്കളായ ടിവിഎസ് മോട്ടോർ കമ്പനി (ടിവിഎസ്എ), ഇന്ത്യയിലെ ഏറ്റവും ജനകീയ ഫാമിലി ഇ.വി ആയ ടിവിഎസ് ഐക്യൂബ് ശ്രേണിയിലെ ഏറ്റവും പുതിയ മോഡലായ ടിവിഎസ് ഐക്യൂബ് എസ് 4.7 കെഡബ്ല്യുഎച്ച് വിപണിയിലിറക്കി. കേന്ദ്ര-സംസ്ഥാന സബ്സിഡികൾ ഉൾപ്പെടെ 1,37,142 രൂപ (ഡൽഹി എക്സ്-ഷോറൂം) വിലയുള്ള ടിവിഎസ് ഐക്യൂബ് എസ് 4.7 കെഡബ്ല്യുഎച്ച്, ഐഡിസി സാക്ഷ്യപ്പെടുത്തിയ 175 കിലോമീറ്റർ റേഞ്ചും വാഗ്ദാനം ചെയ്യുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ദൈനംദിന ഉപയോഗം മുന്നിൽകണ്ട് രൂപകൽപ്പന ചെയ്തിട്ടുള്ള എസ് 4.7 കെഡബ്ല്യുഎച്ച് വേരിയന്റിലെ കരുത്തുറ്റ ബാറ്ററി ദിവസേനയുള്ള യാത്രകളും, പെട്ടെന്നുള്ള ദീർഘദൂര യാത്രകളും ആത്മവിശ്വാസത്തോടെ പൂർത്തിയാക്കാൻ ഉപഭോക്താക്കളെ സഹായിക്കും. മെച്ചപ്പെട്ട റേഞ്ചുമായി എത്തുന്ന പുതിയ മോഡൽ, ടൈറ്റാനിയം ഗ്രേ മാറ്റിനൊപ്പം മാഗ്നിഫിസൻസ് പർപ്പിൾ ബീജ്, ഹാർലെകിൻ ബ്ലൂ ബീജ് എന്നീ പുതിയ നിറങ്ങളും വാഗ്ദാനം ചെയ്ത് ഉപഭോക്താക്കൾക്ക് കൂടുതൽ സെലക്ഷനും ഉറപ്പാക്കുന്നു.

ഉപഭോക്താക്കളുടെ താൽപര്യങ്ങൾ ആഴത്തിൽ മനസിലാക്കി ഉത്പന്നങ്ങൾ മെച്ചപ്പെടുത്താനുള്ള ടിവിഎസ് മോട്ടോറിന്റെ നിരന്തരമായ പരിശ്രമത്തിന്റെ ഭാഗമായാണ് ടിവിഎസ് ഐക്യൂബ് എസ്, 4.7 കെഡബ്ല്യുഎച്ചിലേക്ക് അപ്ഗ്രേഡ് ചെയ്തിരിക്കുന്നത്. ഇത് ഉപഭോക്താക്കൾക്ക് പരിചിതവും വിശ്വസനീയവുമായ യാത്രാനുഭവം നിലനിർത്തിക്കൊണ്ടു തന്നെ ഉയർന്ന ബാറ്ററി ശേഷിയാണ് വാഗ്ദാനം ചെയ്യുന്നതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

നിലവിൽ ഇന്ത്യയിലുടനീളം ആയിരത്തിലധികം നഗരങ്ങളിലും 3,300 ഡീലർഷിപ്പുകളിലും ടിവിഎസ് ഐക്യൂബ് ഇലക്ട്രിക് സ്കൂട്ടറുകൾ ലഭ്യമാണ്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · 100% GUARANTEED · ISO 9001 · LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663